നമ്പർ. സിബി(1) 293/2010.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം. തീയതി. 29.1.2011

Email : keralarcs@co-op.kerala.gov.in
Website : www.cooperation.kerala.gov.in

Tel No. 0471 2330726

## സർക്കുലർ നമ്പർ 11/2011

വിഷയം :- സഹകരണ വകുപ്പ് - സഹകരണ മേഖലയിൽ പുതിയ നിക്ഷേപ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയത് - മുതിർന്ന പൗരന്മാരുടെ നിക്ഷേപത്തിന് അധിക പലിശ നൽകി നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- സഹകരണ സംഘം രജിസ്ട്രാറുടെ 12-1-2011-ലെ 3/2011 നമ്പർ സർക്കുലർ.

സഹകരണ മേഖലയിൽ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി 13-1-2011 മതൽ 28.2.2011 വരെയുള്ള കാലയളവിൽ 100 ദിവസവും, 300 ദിവസവും കാലാവധിയുള്ള പ്രത്യേക നിക്ഷേപ പദ്ധതികൾ ആവിഷ്കരിച്ച് നിക്ഷേപം സ്വീകരിക്കുന്നതിന് കേരള സംസ്ഥാന സഹകരണ ബാങ്കിനും, ജില്ലാ സഹകരണ ബാങ്കുകൾക്കും, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും അനുവാദം നൽകികൊണ്ടും ടി നിക്ഷേപ പദ്ധതി പ്രകാരം നടത്തുന്ന നിക്ഷേപങ്ങൾക്ക് പലിശ നിശ്ചയിച്ചുകൊണ്ടും സൂചന പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ടി പദ്ധതിയിൽ മുതിർന്ന പൗരന്മാർ ഉൾപ്പെടെയുള്ള എല്ലാ നിക്ഷേപകരും നടത്തുന്ന നിക്ഷേപങ്ങൾക്ക് ഒരേ പലിശ നിരക്കാണ് നിശ്ചയിച്ചു നൽകിയിരുന്നത്. ടി പലിശ നിരക്ക് മുതിർന്ന പൗരന്മാരുടെ നിക്ഷേപം ആകർഷിക്കുന്നതിന് പര്യാപ്തമല്ല എന്നും അതിനാൽ മുതിർന്ന പൗരന്മാർ നടത്തുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകി വരുന്ന 1/2 % അധിക പലിശ നിരക്ക് ടി പദ്ധതി പ്രകാരം മുതിർന്ന പൗരന്മാർ നടത്തുന്ന നിക്ഷേപങ്ങൾക്കും ബാധകമാക്കണമെന്ന അപേക്ഷ പരിഗണിച്ച് സഹകരണ സംഘം രജിസ്ട്രാർ സൂചന പ്രകാരം ആവി

ഷ്കരിച്ച് നടപ്പിലാക്കിയ പുതിയ നിക്ഷേപ പദ്ധതികളിൽ മുതിർന്ന പൗരന്മാർ 29-1-2011 മുതൽ 28-2-2011 വരെ നടത്തുന്ന നിക്ഷേപങ്ങൾക്ക് 1/2% അധിക പലിശ നൽകുന്നതിന് കേരള സംസ്ഥാന സഹകരണ ബാങ്കിനും, ജില്ലാ സഹകരണ ബാങ്കുകൾക്കും, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും അനുവാദം നൽകുന്നു.

ഒപ്പ്

സഹകരണ സംഘം രജിസ്ട്രാർ

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
2. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
3. ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
4. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും,
5. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും,
6. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും,
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും,(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന.)
8. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും,(ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന,)
9. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന.)
10. ചീഫ് ജനറൽ മാനേജർ, നബാർഡ്, റീജിണൽ ഓഫീസ്, തിരുവനന്തപുരം,
11. സെക്രട്ടറി, കേരള സംസ്ഥാന സഹകരണ യൂണിയൻ.
12. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
13. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ട്മാർക്കും.
14. എഡിറ്റർ, സഹകരണ വീഥി
15. സഹകരണ സംഘം വെബ്സൈറ്റ്
16. സ്റ്റോക്ക് ഫയൽ.
17. സ്പെയർ.

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(സിബി സെക്ഷൻ)

കെഎസ്.